നികുതി വരുമാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലാന്റ് റവന്യൂ വകുപ്പിൽ അടിസ്ഥാന ഭൂനികുതി ഇനത്തിൽ വർദ്ധിപ്പിച്ച നികുതി നിരക്ക് അനുസരിച്ച് 4402.31 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു.

(സി) 2013-14 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 1138.33 കോടി രൂപയുടെ അധിക നികുതി ചുമത്തിയിരുന്നു. ഇതിലൂടെ 1113.25 കോടി രൂപയുടെ നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ 200 കോടി രൂപയുടെ അധിക നികുതി ലക്ഷ്യമിട്ടിരുന്നു. നികുതി ഇനത്തിൽ ആകെ 2353.48 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ഡി) 2014-15 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 610.45 കോടി രൂപയുടെ അധിക നികുതി നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്. ഇതിലൂടെ ലഭിച്ച അധിക നികുതി വരുമാനം സംബന്ധിച്ച്, വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്. ലാന്റ് റവന്യൂ വകുപ്പിൽ അടിസ്ഥാന ഭൂനികുതി ഇനത്തിൽ വർദ്ധിപ്പിച്ച നിരക്ക് അനുസരിച്ച് 53.83 കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 4.09 കോടി രൂപയുടെ നികുതി വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ അധിക നികുതിയായി 154.85 കോടി രൂപയാണ് ചുമത്തിയത്. ഇതിലൂടെ പ്രതീക്ഷിച്ച വരുമാനം ലഭിച്ചു. രജിസ്ട്രേഷൻ വകുപ്പിൽ 100 കോടി രൂപയുടെ അധിക നികുതി വരുമാനം ലക്ഷ്യമിട്ടിരുന്നു. ഇതുൾപ്പെടെ നികുതി ഇനത്തിൽ 2390.23 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

വിദേശ വായ്പ

141 (T486) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ട് ; ഓരോ പദ്ധതിയുടേയും വിശദാംശങ്ങളും ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ ;

(ബി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ; പദ്ധതികളുടെ വിശദാംശങ്ങളും ആവശ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ ഏതൊക്കെ പദ്ധതികൾക്ക് വിദേശ സഹായം വാങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിന് എന്ത് തുടർനടപടിയാണ് സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കുമോ ;

(ഡി) ഏതെല്ലാം വിദേശ വായ്പകളാണ് ഇപ്പോൾ തിരിച്ചടച്ചു കൊണ്ടിരിക്കുന്നത് ; പദ്ധതിയുടെ പേര്, വായ്പാത്തുക, ഫണ്ടിംഗ് ഏജൻസി എന്നിവ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ വന്നതിനുശേഷം ജലവിഭവം, നഗര വികസനം, തദ്ദേശ സ്വയംഭരണം, വിദ്യുച്ഛക്തി, പൊതുമരാമത്ത്, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ മുഖേന പറയുന്ന പദ്ധതികൾക്ക് വിദേശ സഹായം ലഭ്യമായിട്ടുണ്ട് :

1. നാഷണൽ ഹൈഡ്രോളജി പ്രോജക്ട് II : ഭൂജലത്തെ സംബന്ധിച്ച സുസ്ഥിരമായ ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിച്ച് സമഗ്രമായ ജലവിഭവ വിനിയോഗം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിയ പദ്ധതിയായിരുന്നു ഇത്. ഈ പദ്ധതി 31-5-2014-ൽ പൂർത്തീകരിച്ചു. ടി പദ്ധതിക്ക് 31-3-2015 വരെ ലഭ്യമായ വിദേശ വായ്പ 20.39 കോടി രൂപയാണ്.

2. കെ.എസ്.യു.ഡി.പി. : കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ എ.ഡി.ബി. സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ അടങ്കൽ 1422.47 കോടി രൂപയാണ്. ഇതിൽ 995.4 കോടി രൂപ എ.ഡി.ബി. വായ്പയാണ്. ടി പദ്ധതിക്ക് 31-3-2015 വരെ ലഭ്യമായ വിദേശ വായ്പ 487.61 കോടി രൂപയാണ്.

3. കേരള വാട്ടർ സപ്ലൈ പ്രോജക്ട് - II & III : തിരുവനന്തപുരം നഗര മേഖലയിലെയും കൊല്ലം ജില്ലയിലെ മീനാടിലെയും സമീപ പഞ്ചായത്തുകളിലെയും ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയിലെയും സമീപ പഞ്ചായത്തുകളിലെയും കോഴിക്കോട് നഗര മേഖലയിലേയും സമീപ പഞ്ചായത്തുകളിലേയും കണ്ണൂർ ജില്ലയിലെ പട്ടുവത്തെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ ജപ്പാൻ ഇന്റർ നാഷണൽ കോപ്പറേറ്റീവ് ഏജൻസിയുടെ (ജൈക്ക) സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളാണിത്. ടി പദ്ധതികൾക്ക് 31-3-2015 വരെ ലഭ്യമായ വിദേശ വായ്പ യഥാക്രമം 1451.97 കോടി രൂപയും 301.66 കോടി രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. ജലനിധി II : ചെറുകിട ബൃഹത് കുടിവെള്ള പദ്ധതികൾ, ഗ്രാമപഞ്ചായത്ത്/ കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കുള്ള ലോകബാങ്ക് സഹായം 658 കോടി രൂപയാണ്. ടി പദ്ധതിക്ക് 31-3-2015 വരെ ലഭ്യമായ വിദേശ വായ്പ 160.86 കോടി രൂപയാണ്.

5. കേരള ലോക്കൽ ഗവൺമെന്റ് & സർവ്വീസ് ഡെലിവറി പ്രോജക്ട് : തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സേവനവും ഭരണവും മെച്ചപ്പെടുത്തുന്നതിനായി ലോകബാങ്ക് സഹായത്തോടെ 1196 കോടി രൂപ അടങ്കലോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ഇതിൽ ലോകബാങ്ക് സഹായം 919.87 കോടി രൂപയാണ്. ടി പദ്ധതിക്ക് 31-3-2015 വരെ ലഭ്യമായ വിദേശ വായ്പ 709.47 കോടി രൂപയാണ്.

6. ഡ്രിപ് : ഡാം സേഫ്റ്റി ഓർഗനൈസേഷൻ ശക്തിപ്പെടുത്തുക, പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടി ലോകബാങ്ക് സഹായത്തോടെ 280 കോടി രൂപ അടങ്കലിൽ നടപ്പാക്കുന്ന പദ്ധതിയാണിത്. ഇതിൽ ലോകബാങ്ക് സഹായം 224 കോടി രൂപയാണ്. ജലസേചന വകുപ്പിലെ 19 ഡാമുകളും വിദ്യുച്ഛക്തി വകുപ്പിലെ 12 ഡാമുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിക്ക് 31-3-2015 വരെ ലഭ്യമായ വിദേശ വായ്പ 13.96 കോടി രൂപയാണ്.

7. കെ.എസ്.ടി.പി.-II : ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 363 കി.മീ. നീളമുള്ള 9 റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 2403 കോടി രൂപ അടങ്കലോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ഇതിൽ ലോകബാങ്ക് സഹായം 1166 കോടി രൂപയാണ്. ടി പദ്ധതിക്ക് 31-3-2015 വരെ ലഭ്യമായ വിദേശ വായ്പ 83.86 കോടി രൂപയാണ്.

8. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) : സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി ഏഷ്യൻ വികസന ബാങ്ക് (എ.ഡി.ബി.) സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിക്ക് 31-3-2015 വരെ ലഭ്യമായ വിദേശ വായ്പ 127.10 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തിരിച്ചടച്ചുകൊണ്ടിരിക്കുന്ന വിദേശ വായ്പകളുടെ വിശദാംശം ചുവടെ കാണാം :

ക്രമനമ്പർ	പദ്ധതിയുടെ പേര്	വായ്പതുക (രൂപ കോടിയിൽ)	ഫണ്ടിംഗ് ഏജൻസി
1	നാഷണൽ ഹൈഡ്രോളജി പ്രോജക്ട് - II (വായ്പ നമ്പർ 4749 IN)	16.51	ലോകബാങ്ക്
2	സുനാമി എമർജൻസി അസിസ്റ്റന്റ്സ് പദ്ധതി (ടീപ്)	245.46	എ.ഡി.ബി.
3	കെ.എസ്.യു.ഡി.പി.	995.4	എ.ഡി.ബി.

ആസ്തി വികസന ഫണ്ട്

142 (487) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ട് പ്രകാരം ഡിപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചാൽ ബിൽ ഹാജരാക്കുന്നമുറയ്ക്ക് പണം നൽകുമോ ;

(ബി) ആയത് പ്രകാരം പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്ക് താമസം കൂടാതെ പണം ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നടപടി ക്രമങ്ങൾ പാലിച്ച് ചീഫ് എഞ്ചിനീയർ സമർപ്പിക്കുന്നതും ഭരണവകുപ്പ് ശിപാർശ ചെയ്യുന്നതുമായ ആസ്തി വികസന ഫണ്ട് പ്രകാരമുള്ള ഡിപ്പോസിറ്റ് വർക്കുകളുടെ ബില്ലുകൾ മാറുന്നതിനാവശ്യമായ ലെറ്റർ ഓഫ് ക്രെഡിറ്റ് താമസംവിനാ അനുവദിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly